# മഹാത്മാഗാന്ധി സർവകലാശാല, കേരളം

നമ്പർ: അക്കൗണ്ട്സ്-1/6947/ജി.പി.എ).ഐ).എസ് /2021 തീയതി: 01-12-2020

**വിഷയം: ജി.പി.എ).ഐ).എസ് - 2021 നോമിനേഷൻ ഫോം നൽകുന്നത് സംബന്ധിച്ച്**
**സൂചന: സ. ഉ (അച്ചടി) നം. 150/2020/ധന തീയതി, തിരുവനന്തപുരം, 05/11/2020**

കേരളം സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടപ്പിലാക്കിയ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി വേണ്ട ഭേദഗതികളോടെ ദീർഘിപ്പിക്കുന്നതിനും 01/01/2021 മുതൽ 31/12/2021 വരെ പുതുക്കി നടപ്പിലാക്കുന്നതിനുമായി സൂചന പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. 01/01/2020 മുതൽ 30/11/2020 വരെ സർവീസിൽ പ്രവേശിച്ച ജീവനക്കാരുടെ 2021 വർഷത്തേക്കുള്ള പ്രീമിയം തുക 2020 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് കിഴിവ് ചെയ്ത് 2020 ഡിസംബർ-31 നകം ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ കാലയളവിൽ സർവീസിൽ പ്രവേശിച്ച ജീവനക്കാർ പദ്ധതിയുടെ നോമിനേഷൻ ഫോം പൂരിപ്പിച്ച് അക്കൗണ്ട്സ്-I സെക്ഷനിൽ നൽകേണ്ടതാണ്. ശൂന്യ വേതനാവധി/ അന്യത്ര സേവനം/ മറ്റ് ഏതെങ്കിലും അവധിയിലുള്ളവർ/ ഏതെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ ഡിസംബർ 31 നകം പ്രീമിയം (Rs. 590/-) ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ഇൻഷുറൻസ് പരിരക്ഷ ആഗ്രഹിക്കുന്ന ജീവനക്കാർ അവരുടെ പ്രീമിയം യഥാസമയം ഒടുക്കിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇനിയും നോമിനേഷൻ ഫോം നൽകാത്തവരും ടി ഫോം പൂരിപ്പിച്ച് നൽകേണ്ടതാണ്. മുൻ വർഷങ്ങളിൽ നോമിനേഷൻ ഫോം നൽകിയ ജീവനക്കാർ അവരുടെ അവകാശികളിൽ മാറ്റം വരുത്തുകയോ/ കൂട്ടിച്ചേർക്കുകയോ ചെയ്യേണ്ട സാഹചര്യത്തിൽ മാത്രമേ പുതിയ ഫോം പൂരിപ്പിച്ച് നൽകേണ്ടതുള്ളു. ഇതിനോടൊപ്പം ചേർത്തിട്ടുള്ള നോമിനേഷൻ ഫോം ഫോട്ടോകോപ്പി എടുത്ത് പൂരിപ്പിച്ച് **31/12/2020 - 4 PM** ന് മുൻപ് അക്കൗണ്ട്സ്-I സെക്ഷനിൽ നൽകേണ്ടതാണ്. നോമിനേഷൻ ഫോം പൂരിപ്പിച്ച് നൽകാത്തവർക്ക് ക്ലെയിം ലഭിക്കുന്നതല്ല.

ഒപ്പ്
**ഫിനാൻസ് ഓഫീസർ**

പകർപ്പ്:
1. എല്ലാ സെക്ഷനുകളും.
2. വൈസ് ചാൻസലർ/ പ്രോ-വൈസ് ചാൻസലർഎന്നിവരുടെ പ്രൈവറ്റ്സെക്രട്ടറിമാർ.
3. രജിസ്ട്രാർ/ പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ.
4. പി.ആർ.ഒ/ റെക്കോർഡ്സ് സെക്ഷൻ.
5. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4/12/2020
Asst.